**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4525** **01-07-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി.യുടെ ഡാമുകളിലെ ടൂറിസം വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ഇ.ബി.യുടെ ഡാമുകളിൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | കെ.എസ്.ഇ.ബി.ലിമിറ്റഡിന് കീഴിലുള്ള അണക്കെട്ടുകളിൽ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്ന സ്ഥാപനമാണ് കേരള ഹൈഡൽ ടൂറിസം സെന്റർ. സ്വന്തം ഫണ്ട് ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് കീഴിൽ നിലവിൽ 13 സെന്ററുകളാണ് ഉള്ളത്. കോവിഡ്, നിപ്പ, പ്രളയം തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ കാരണം വരുമാനം നിലച്ചിരുന്ന ഈ സ്ഥാപനത്തിൽ മുൻ വർഷങ്ങളിൽ അടയ്ക്കേണ്ടിയിരുന്ന നിയമപരമായ ബാധ്യതകൾ, 11.5% പലിശയ്ക്ക് കെ.എസ്.ഇ.ബി.എൽ-ൽ നിന്നെടുത്ത വായ്പ, മറ്റു സാമ്പത്തിക ബാധ്യതകൾ എന്നിവ ഉൾപ്പെടെ 14,37,32,282/- രൂപ 2021-22 സാമ്പത്തിക വർഷത്തിൽ ഹൈഡൽ ടൂറിസത്തിന് ബാധ്യത ഉണ്ടായിരുന്നു. 2022-23 & 2023-24 സാമ്പത്തിക വർഷങ്ങളിൽ നടത്തിയ വികസന പ്രവർത്തനങ്ങളിലൂടെ മേൽ ബാധ്യതകൾ അടച്ചു തീർക്കുന്നതിനും മെച്ചപ്പെട്ട സാമ്പത്തിക ഭദ്രത കൈവരിക്കുന്നതിനും സാധിച്ചു. ഈ കാലഘട്ടത്തിൽ പുതിയ ബോട്ടുകൾ വാങ്ങുക, ഹൈഡൽ ടൂറിസത്തിലെ ഇലക്ട്രിക് എഞ്ചിൻ പ്രവർത്തനം ആരംഭിക്കുക, സെന്ററുകളുടെ അടിസ്ഥാന സൗകര്യ വികസനം, പാർക്കുകളുടെ വിപുലീകരണം, സെന്ററുകളുടെ സൗന്ദര്യവൽക്കരണം, ഓൺ ലൈൻ ടിക്കറ്റ് സംവിധാനം, ജീവനക്കാരുടെ ശമ്പള വർദ്ധനവ് തുടങ്ങി ധാരാളം പ്രവർത്തനങ്ങൾ ഹൈഡൽ ടൂറിസം സെന്ററുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇടുക്കി ജില്ലയിലെ വടക്കേപ്പുഴയിൽ ഹൈഡൽ ടൂറിസം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (ബി) | പ്രസ്തുത കാലയളവിൽ ടൂറിസം വഴി ലഭിച്ച വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ? | (ബി) | കഴിഞ്ഞ 3 വർഷത്തെ ഹൈഡൽ ടൂറിസത്തിലെ വരുമാനം ചുവടെ ചേർക്കുന്നു. |

| സാമ്പത്തിക വർഷം | വരവ് | ചെലവ് | ലാഭം/നഷ്ടം | |
|---|---|---|---|---|
| 2021-2022 | 11,35,19,606/- | 12,99,21,309/- | 1,64,01,703/- | നഷ്ടം |
| 2022-2023 | 24,75,08,638/- | 16,12,59,462/- | 8,62,49,176/- | ലാഭം |
| 2023-2024 | 25,54,55,976/- | 17,57,35,601/- | 7,97,20,375/- | (ലാഭം) ഓഡിറ്റ് പൂർത്തിയായിട്ടില്ല |

സെക്ഷൻ ഓഫീസർ